# റൈസ് പുള്ളർ തട്ടിപ്പ് കോടികൾ തട്ടിയെടുത്ത ആന്ധ്രാസ്വദേശി അറസ്റ്റിൽ

അത്ഭുതസിദ്ധിയുള്ള റൈസ് പുള്ളർ തരാമെന്ന് പറഞ്ഞ് പലരിൽ നിന്നായി കോടികൾ തട്ടിയെടുത്ത എന്ന ആന്ധ്രാപ്രദേശ് പ്രദേശ് സ്വദേശിയായ നരേഡ് മെട്ട്, സൈനിക് പുരി ഡിഫൻസ് കോളനിയിൽ, ശ്രീസായി റസിഡൻസിയിൽ മദന വിജയകുമാർ മകൻ മദനമോക്ഷ രാജു, വയസ് 36/17 എന്നയാളെ കാലടി പോലീസ് അറസ്റ്റ് ചെയ്തു.

ബഹു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.A.V.George IPS അവർകൾക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കാലടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ നൽകിയ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്.

എം.ബി.എ ബിരുദധാരിയും ഉന്നത വിദ്യാഭ്യാസവുമുള്ള പ്രതി തൻെറ യതാർത്ഥ പേരും വിലാസവും, മറച്ച് വച്ച് ***" ജോൺമിൽട്ടൺ"*** എന്ന പേരിൽ വ്യാജപേരിൽ ഇലക്ഷൻ തിരിച്ചറിയിൽ കാർഡ് നിർമ്മിച്ച് ഫോൺ കണക്ഷൻ എടുത്ത് ടി ഫോൺ വഴി കസ്റ്റമേഴ്സുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ടും, വിളിച്ച് വരുത്തിയും, തൻെറ വാക്ചാരുത കൊണ്ട് അത്ഭുത ശക്തിയുള്ള *Rice Pullar* ഇറീഡിയം അടങ്ങിയ ചെമ്പ് കുടം തൻെറ കൈവശം ഉണ്ടെന്നും ആയതിൻെറ പവർ അനുസരിച്ചുള്ള വിലക്ക് വാങ്ങി നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ചും, ആയത് പരിശോധന നടത്തി ആയതിൻെറ അത്ഭുതശക്തി അരിമണി ഉപയോഗിച്ച് പവർ ഇഞ്ച് അടിസ്ഥാനത്തിൽ തെളിയിച്ച ശേഷം ടി ***Rice Pullar*** പ്രതിയുടെ തന്നെ ഉടമസ്ഥതയിലുള്ള ഹൈദരാബാദ് അടിസ്ഥാനമായ ***" Maxi Solutions "*** എന്ന കമ്പനി കോടിക്കണക്കിന് രൂപ വിലയിട്ട് തിരികെ വാങ്ങിക്കൊള്ളാമെന്നും, റൈസ് പുള്ളറിന് വിദേശരാജ്യങ്ങളിൽ വൻ ഡിമാൻറാണെന്ന് പറഞ്ഞ് കോടിക്കണക്കിന് രൂപ റിസർവ്വ് ബാങ്ക് വഴി അക്കൗണ്ടിലേക്ക് വരുമെന്നും വിശ്വസിപ്പിച്ചാണ് പ്രതി ഈ തട്ടിപ്പ് നടത്തിയത്. പ്രതി. ഇത്തരത്തിൽ കേരളത്തിൽ വിവിധ പ്രദേശങ്ങളിൽ നിന്നായി ലക്ഷക്കണക്കിന് രൂപ തട്ടിയെടുത്തിട്ടുള്ളതായി വിവരം ലഭിച്ചിട്ടുള്ളതാണ്.

നിക്ഷേപിക്കുന്ന തുകക്ക് 100 ഇരട്ടി തുക വരെ തിരികെ കിട്ടുമെന്ന വാഗ്ദാനത്തിൽ ആളുകളെ തെറ്റിദ്ധരിപ്പിച്ചായിരുന്ന തട്ടിപ്പ് നടത്തിയിരുന്നത്. ആഡംബരകാറിൽ നടന്നും ആഡംബര ഹോട്ടലുകളിൽ മീറ്റിംഗുകൾ സംഘടിപ്പിച്ചും, വാചാലമായി സംസാരിച്ചുമാണ് പ്രതി ആളുകളെ വലയിലാക്കുന്നത് .

അന്വേഷണത്തിൽ പ്രതിയെ കേരളത്തിനകത്തും, പുറത്തും തട്ടിപ്പ് നടത്താൻ സഹായിച്ചവരെ കുറിച്ച് പോലീസിന് കൃത്യമായ സൂചനകൾ ലഭിച്ചിട്ടുള്ളതും അവരെ കുറിച്ച് പോലീസ് അന്വേഷണം ആരംഭിച്ചിട്ടുള്ളതുമാണ്.

ബഹു. എറണാകുളം റൂറൽ പോലീസ് സൂപ്രണ്ട് ശ്രീ.A.V.George IPS –ന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് , പെരുമ്പാവൂർ ഡെപ്യൂട്ടീപോലീസ് സൂപ്രണ്ട് ജി.വേണുവിൻെറ നേതൃത്വത്തിൽ കാലടി പോലീസ് ഇൻസ്പെക്ടർ സജിമർക്കോസും, സംഘവുമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. അന്വേഷണ സംഘത്തിൽ കാലടി SI NA Anoop, GASI Shaji, Baby , SCPO Sreekumar, Abdul Sathar, Anilkumar, എന്നിവർ അംഗങ്ങളായിരുന്നു.

പ്രതിയെ കാലടി കോടതിയിൽ ഹാജരാക്കി. കേരളത്തിനകത്തും, പുറത്തുമായി നടന്ന കോടിക്കണക്കിന് രൂപയുടെ തട്ടിപ്പിനെ കുറിച്ച് വിശദമായ അന്വേഷണം നടത്താൻ പെരുമ്പാവൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ജി.വേണുവിൻെറ നേതൃത്വത്തിൽ അന്വേഷണം നടത്താൻ ബഹു. എറണാകുളം റൂറൽ പോലീസ് സൂപ്രണ്ട് ശ്രീ.A.V.George IPS നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

